ഉത്തരം

(എ) കൃഷി വകുപ്പിൽ താൽക്കാലിക ജീവനക്കാരായ വികലാംഗർക്ക് ആർക്കും തന്നെ പുനർ നിയമനം നൽകിയിട്ടില്ല. പുനർനിയമനം നൽകേണ്ടത് സർക്കാരാണ്.

(ബി) മൂന്നുപേർ

(1) ശ്രീമതി ലൗലി വർഗ്ഗീസ് 9.11.98

(2) ശ്രീമതി സൈനബ ടി.എ. 27.1.98

(3) ശ്രീ. അജിമോൻ എ.ടി. 13.10.98

(സി) ആർക്കും പുനർനിയമനം നൽകിയിട്ടില്ല.

(ഡി)&(ഇ) ഇവർക്ക് പുനർനിയമനം നൽകേണ്ടത് കൃഷി അസിസ്റ്റന്റ് എന്ന തസ്തികയിലേക്കാണ്. എന്നാൽ കൃഷി അസിസ്റ്റന്റുമാരായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യത നിർണ്ണയിച്ച് പുറപ്പെടുവിച്ച 13.2.95-ലെ ജി.ഒ (എം.എസ്) 35/95/ കൃഷി പ്രകാരം കൃഷി അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നവർ നല്ല കായികശേഷിയുള്ളവരായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ഇളവു വരുത്തിയാൽ മാത്രമേ ഇവർക്ക് ഈ തസ്തികയിൽ നിയമനം നൽകാൻ കഴിയുകയുള്ളൂ. ഇക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

111 (2674) കുട്ടനാട് കായലുകളിൽ ബണ്ട് കെട്ടി സംരക്ഷിക്കാൻ പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കായലുകൾ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റാണി, ചിത്തിര, മാർത്താണ്ഡം, കായലുകളിലും ആർ. ബ്ലോക്ക് കായലിലും കൃഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെൽക്കൃഷി വികസനത്തിനായുള്ള 'കുട്ടനാട് നെൽക്കൃഷി വികസന ഏജൻസി' കുട്ടനാട്ടിലെ കായലുകൾ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. 20,600 ഹെക്ടർ വരുന്ന 186 പാടശേഖരങ്ങളിലായി 711 കി.മീറ്റർ ബണ്ട് കെട്ടിയിട്ടുണ്ട്. കൂടാതെ എഫ്.ഡി.ആർ. സ്കീമിൽപ്പെടുത്തി റാണി, ചിത്തിര കായലുകളിൽ നിന്നും മണ്ണു നീക്കം ചെയ്ത് പുറം ബണ്ട് ബലപ്പെടുത്തിയിട്ടുണ്ട്.

(ബി) കുട്ടനാട് പ്രദേശത്തെ നെൽക്കൃഷി വികസനത്തിനായി ബൃഹത്തായ ഒരു പദ്ധതിക്ക് കുട്ടനാട് വികസന ഏജൻസി രൂപം നൽകി വരുന്നു.

112 (2675) നാളികേരാധിഷ്ഠിത വ്യവസായങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly